മക്കളുടേയും മരണവുമായി ബന്ധപ്പെട്ട് ശശീന്ദ്രന്റെ ഭാര്യയായ ശ്രീമതി ബി. ടീനയുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ശശീന്ദ്രൻ മലബാർ സിമന്റ്സ് കമ്പനിയിൽ കമ്പനി സെക്രട്ടറി സ്ഥാനം വഹിച്ചുവരവേ 2010 ഒക്ടോബർ മാസം നാലാം തീയതി ആ സ്ഥാനം രാജിവച്ച് പിരിഞ്ഞുവെന്നും അതിനുള്ള കാരണം കമ്പനിയിലെ മേലുദ്യോഗസ്ഥരിൽനിന്നുണ്ടായിട്ടുള്ള പലവിധ മാനസിക പീഡനങ്ങളാണെന്നും അദ്ദേഹത്തിന് കുടുംബത്തോടെ ആത്മഹത്യ ചെയ്യേണ്ടി വരുമെന്ന് രണ്ടുപ്രാവശ്യം വീട്ടിൽ ഫോണിൽ വിളിച്ച് മേലുദ്യോഗസ്ഥൻ ഭീഷണിപ്പെടുത്തിയെന്ന് ശശീന്ദ്രൻ തന്നോട് പറഞ്ഞുവെന്നും ടീന മൊഴിയിൽ പറഞ്ഞിട്ടുണ്ട്. ഈ മൊഴിയുടെ അടിസ്ഥാനത്തിൽ മലബാർ സിമന്റ്സ് കമ്പനി മാനേജിംഗ് ഡയറക്ടർ കമ്പനിയിലെ പേഴ്സണൽ സെക്രട്ടറി ശ്രീ. പി. സൂര്യനാരായണൻ, കോൺട്രാക്ടർ ശ്രീ. വിഎൻ. രാധാകൃഷ്ണൻ എന്നിവരെ പ്രതിയാക്കി ഇൻഡ്യൻ ശിക്ഷാ നിയമം 506/1, 306, 34, എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 40/2011 ആയി കസബാ പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇരുകേസ്സുകളും പാലക്കാട് ഡി.സി.ആർ.ബി. ഡിവൈഎസ്പി-യുടെ നേതൃത്വത്തിലാണ് ഇപ്പോൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് പല തരത്തിലുള്ള വിവാദങ്ങളും പ്രശ്നങ്ങളും ഉയർന്നുവന്ന സാഹചര്യത്തിൽ ഈ കേസ്സിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറുന്നതാണ്.

7. ബി.എ. മലയാളം കോഴ്സ് ആരംഭിക്കാൻ നടപടി

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, സംസ്ഥാനത്ത് വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും വികസനപരമായും വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് കാസർഗോഡ് ജില്ല. 1957-ലാണ് കാസർഗോഡ് ഗവൺമെന്റ് കോളേജ് നിലവിൽ വന്നത്. സംസ്ഥാനത്ത് മലയാളം സാർവ്വത്രികമായി പഠിക്കാനുള്ള സൗകര്യമുണ്ടാക്കേണ്ടത് നിർബന്ധമാണെന്നുള്ള കാര്യത്തിൽ സർക്കാർ ചില തീരുമാനങ്ങളെടുത്തിരുന്നുവെങ്കിലും 1957-ന് ശേഷം പല ഗവൺമെന്റുകൾ നിലവിൽ വന്നുവെങ്കിലും ഇന്നുവരെ കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ബി.എ. മലയാളം കോഴ്സ് അനുവദിക്കപ്പെട്ടിട്ടില്ല. ഈ സഭയിലും മാറിമാറിവന്ന ഗവൺമെന്റുകളുടെ മുമ്പിൽ ശക്തമായി ഇക്കാര്യം ഉന്നയിക്കുകയും അതുപോലെതന്നെ ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇന്നുവരെ അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ഭാഷാ ന്യൂനപക്ഷങ്ങളും അതുപോലെതന്നെ മറ്റ് പിന്നോക്ക വിഭാഗങ്ങളും പഠിക്കുന്ന ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു കോളേജ് എന്ന നിലയിൽ ഒരു പ്രത്യേക പരിഗണന വച്ച് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി എത്രയും പെട്ടെന്ന് ഈ വർഷംതന്നെ പ്രസ്തുത കോളേജിൽ ബി. എ. മലയാളം കോഴ്സ് അനുവദിക്കാനും അതുപോലെതന്നെ മറ്റ് കോഴ്സുകൾ ആരംഭിക്കാനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, എന്റെ ആദരണീയനായ സുഹൃത്ത് ശ്രീ. സി. ടി. അഹമ്മദ് അലി, അദ്ദേഹത്തിന്റെ അനുയായികളായിരുന്ന ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനോടോ ശ്രീ. നാലകത്ത് സൂപ്പിയോടോ പറഞ്ഞാൽ അന്നേരം നടക്കുമായിരുന്ന കാര്യമാണ്. എന്നാൽ അത് ചെയ്തില്ല. അദ്ദേഹം ഉന്നയിച്ച ആവശ്യം ഈ ഗവൺമെന്റ് അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുസംബന്ധിച്ചുള്ള വിജ്ഞാപനം ഉടൻതന്നെയുണ്ടാകുമെന്ന് ഉറപ്പ് നൽകുകയാണ്.

8. സി. കേശവൻ സ്മാരക മന്ദിരം

ശ്രീ. എ. എ. അസീസ് : സർ, സി. കേശവന്റെ ജന്മനാടായ മയ്യനാട് ഒരു സ്മാരകം നിർമ്മിക്കുന്നതിലേക്ക് മയ്യനാട് ടൗണിൽ സർക്കാർ ഭൂമി അനുവദിക്കുകയും മയ്യനാട് പഞ്ചായത്തും സി.കേശവൻ സ്മാരക കൾച്ചറൽ സൊസൈറ്റിയും ചേർന്ന് സംസ്ഥാന ഗവൺമെന്റിന്റെയും സംസ്ഥാന ഗ്രാമ പഞ്ചായത്തുകളുടെയും സഹായത്തോടെ പണി പൂർത്തീകരിച്ച സ്മാരക മന്ദിരം 25 വർഷത്തിലധികമായി പഞ്ചായത്തും കൾച്ചറൽ സൊസൈറ്റിയും തമ്മിലുള്ള അധികാര തർക്കമൂലം ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കാതെ കിടന്ന് നശിക്കുകയാണ്. കോടതികളിൽ ഇരുകൂട്ടരും സമർപ്പിച്ച കേസ്സുകളും നിലവിലുണ്ട്. തർക്കം പരിഹരിച്ച് സ്മാരക മന്ദിരം തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതിന് എന്റെ അഭ്യർത്ഥന പ്രകാരം കൊല്ലം ആർ.ഡി.ഒ. 31-1-2011 -ൽ ഇരുകക്ഷികളുമായി കൂടിയാലോചിച്ച് എന്റെ സാന്നിദ്ധ്യത്തിൽ സ്മാരക മന്ദിരം സംസ്ഥാന സാംസ്ക്കാരിക വകുപ്പിന് വിട്ടുകൊടുക്കുന്നതിനും കേസ്സുകൾ ഇരുകക്ഷികളും പിൻവലിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. താൽക്കാലിക പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി ഇരുകൂട്ടരും തുല്യമായി അടങ്ങുന്ന ഒരു അഡ്ഹോക് കമ്മിറ്റി രൂപീകരിക്കുവാനും സ്ഥലം എം.എൽ.എ.-യും ജില്ലാ കളക്ടറും രക്ഷാധികാരികളായും കൊല്ലം തഹസിൽദാർ കൺവീനറായും തീരുമാനിച്ചിട്ടുണ്ട്. ആകയാൽ തിരു-കൊച്ചി മുഖ്യമന്ത്രിയും സ്വാതന്ത്ര്യസമര സേനാനിയും അശരണരുടെ നേതാവുമായിരുന്ന സി. കേശവന്റെ നാമധേയത്തിലുള്ള സ്മാരക മന്ദിരം സംസ്ഥാന സാംസ്ക്കാരിക വകുപ്പ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കണമെന്നും അറ്റകുറ്റപ്പണി നടത്തുന്നതിന് അഡ്ഹോക് കമ്മിറ്റിക്ക് തഹസിൽദാരുടെ പേരിൽ മൂന്ന് ലക്ഷം രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ.ബേബി) : സർ, സാമൂഹിക ജീവിതത്തിലും രാഷ്ട്രീയ മണ്ഡലത്തിലും ചൂടുംവെളിച്ചവും വിതറിയ ഒരു അഗ്നിജ്വാലയായിരുന്നു സി. കേശവൻ. അദ്ദേഹം ബഹുമുഖ പ്രതിഭയായിരുന്നുവെന്ന് നമുക്കറിയാം. ബഹുമാനപ്പെട്ട അംഗം ശ്രീ. എ.എ. അസീസ് നിർദ്ദേശിച്ചതുപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly